# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). രാജ്യത്തെ വടക്കു കിഴക്കൻ മേഖലയുടെ വികസനത്തിനായി കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയിൽ നാലിരട്ടി വർധന ഉണ്ടായതായി രാഷ്ട്രപതി ദ്രൗപതി മുർമു.

**There has been a fourfold increase in the amount allocated by the central government for the development of the North Eastern region of the country, says President Droupadi Murmu.**

2). ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കരുത്തുറ്റതും സുസ്ഥിരവുമായി തുടരുന്നുവെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട്.

**Indian economy and the financial system remain robust and resilient, states Reserve Bank of India in its report.**

3). ഐക്യരാഷ്ട്രസഭയിൽ ഹിന്ദിയുടെ ഉപയോഗം വിപുലമാക്കുന്നതിനുള്ള 'ഹിന്ദി @ യുഎൻ' പദ്ധതിക്കായി 1.16 ദശലക്ഷം ഡോളർ സംഭാവന നൽകി ഇന്ത്യ.

**Government of India has made a contribution of 1.16 million dollars for 'Hindi @ UN' project to expand the use of Hindi in the United Nations.**

4). കേരളത്തിൽ മഴക്കെടുതി രൂക്ഷം; ഇന്ന് വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. ആലപ്പുഴ, കോട്ടയം ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി.

**Heavy rain batters Kerala; orange alert in Wayanad, Kannur, Kasaragod districts; holiday for educational institutions in Alappuzha and Kottayam districts.**

5). ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ.

**In men's Twenty-20 world cup cricket, India defeated England, enters into final.**

========================================

## PARLIAMENT

രാജ്യത്തെ വടക്കു കിഴക്കൻ മേഖലയുടെ വികസനത്തിന് കഴിഞ്ഞ 10 വർഷത്തിൽ സർക്കാർ അനുവദിക്കുന്ന തുകയിൽ നാലിരട്ടി വർധന ഉണ്ടായതായി രാഷ്ട്രപതി ദ്രൗപതി മുർമു. പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. നിർമ്മാണ, സേവന, കാർഷിക മേഖലയ്ക്ക് തുല്യ പ്രാധാന്യമാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു. രാഷ്ട്രപതിയുടെ പ്രസംഗത്തിൻറെ പതിപ്പുകൾ ലോക്സഭയുടെയും രാജ്യസഭയുടെയും മേശപ്പുറത്തു വച്ചു. അതേസമയം, രാജ്യം നേരിടുന്ന വിലക്കയറ്റം, തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങിയ വിഷയങ്ങൾ പ്രസംഗത്തിൽ പരാമർശിച്ചില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു.

==========================================

## OM BIRLA- OPPOSITION MEET

പ്രതിപക്ഷ നേതാക്കൾ ലോക്സഭാ സ്പീക്കർ ഓം ബിർളയുമായി പാർലമെൻ്റ് ഹൗസിൽ കൂടികാഴ്ച നടത്തി. കോൺഗ്രസ് നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി, ടിഎംസി എം പി കല്യാൺ ബാനർജി, എൻസിപി- ശരദ് പവാർ വിഭാഗം എം പി സുപ്രിയ സുലെ, സമാജ്‌വാദി പാർട്ടിയുടെ ഡിംപിൾ യാദവ്, ആർജെഡിയുടെ മിസാ ഭാരതി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

==========================================

## NEW OATH- MPs

ബിഹാർ, ജാർഖണ്ഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആറ് എംപിമാർ ഇന്നലെ രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖർ ഇവർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. കോൺഗ്രസ് എംപി അഖിലേഷ് പ്രസാദ് സിംഗ്, ജെ എം എമ്മിലെ സർഫറാസ് അഹമ്മദ്, ബിജെപിയുടെ പ്രദീപ് കുമാർ വർമ്മ, ബൻഷിലാൽ ഗുർജാർ, മായ

നരോലിയ, ബാലയോഗി ഉമേഷ് നാഥ് എന്നിവരാണ് രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തത് .

==========================================

**MAJHI-MSME SCHEMES**

സൂക്ഷ്മ -ചെറുകിട -ഇടത്തരം സംരംഭക ദിനത്തിൽ രണ്ട് പുതിയ പദ്ധതികൾ ആരംഭിച്ച് കേന്ദ്ര മന്ത്രി ജീത്തൻ റാം മാഞ്ചി. അഞ്ച് ലക്ഷം സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ ലക്ഷ്യമിട്ടുള്ള എംഎസ്എംഇ ടീം പദ്ധതിക്കും വനിതാ സംരംഭവകർക്ക് ആവശ്യമുള്ള പിന്തുണയും സഹായവും ലക്ഷ്യമിട്ടുള്ള യശസ്വിനി പദ്ധതിക്കുമാണ് അദ്ദേഹം തുടക്കമിടുന്നത്.

==========================================

**RBI S- FINANCIAL STABILITY REPORT**

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ കരുത്തുറ്റതും സുസ്ഥിരവുമായി തുടരുന്നുവെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ യുടെ ഫിനാഷ്യൽ സ്റ്റെബിലിറ്റി റിപ്പോർട്ട്. രാജ്യത്തെ വാണിജ്യ ബാങ്കുകളുടെ മൊത്ത നിഷ്ക്രിയ ആസ്തി കുറഞ്ഞതായും റിപ്പോർട്ടിൽ പറയുന്നു . ഭൗമരാഷ്ട്രീയ പ്രശ്നങ്ങൾ കാരണം ആഗോള സമ്പദ്‌വ്യവസ്ഥയിൽ പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും സാമ്പത്തിക സ്ഥിതി സുസ്ഥിരമായി തുടരുന്നെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു.

==========================================

**UN - HINDI**

ഐക്യരാഷ്ട്രസഭയിൽ ഹിന്ദിയുടെ ഉപയോഗം വിപുലമാക്കുന്നതിനുള്ള 'ഹിന്ദി @ യുഎൻ' പദ്ധതിക്കായി ഇന്ത്യാ 1.16 ദശലക്ഷം ഡോളർ സംഭാവന നൽകി. ഇന്ത്യയുടെ യു എൻ സ്ഥിര പ്രധിനിധി ആർ.രവീന്ദ്ര ഇതുമായി ബന്ധപ്പെട്ട ചെക്ക് യുഎൻ ഡിപ്പാർട്ട്മെൻ്റ് ഓഫ് ഗ്ലോബൽ കമ്മ്യൂണിക്കേഷൻസ് ന്യൂസ് ആൻഡ് മീഡിയ വിഭാഗം ഡയറക്ടർക്ക് കൈമാറി. ഹിന്ദി ഭാഷയിൽ ഐക്യരാഷ്ട്രസഭയുടെ പൊതുജനസമ്പർക്കം വർധിപ്പിക്കുന്നതിനും ഹിന്ദി സംസാരിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങളിൽ കൂടുതൽ അവബോധം

നൽകുന്നതിനുമുള്ള യുഎൻ ഡി ജി സി യുടെ പദ്ധതിയാണ് ഹിന്ദി @ യുഎൻ . 2018 മുതൽ ഇന്ത്യ ഇതിൽ പങ്കാളിയാണ് .

==========================================

## KOON VILLAGE

കൂൺ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പാക്കി വരുന്ന കൂൺ ഗ്രാമം പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് മന്ത്രി പി. പ്രസാദ് കൊല്ലത്ത് നിർവഹിക്കും. കൂൺ കൃഷിയിൽ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ച മികച്ച കർഷകരെ മന്ത്രി ജെ. ചിഞ്ചുറാണി ചടങ്ങിൽ ആദരിക്കും. കാർഷികമേഖലയിൽ സ്ത്രീകൾക്കും യുവാക്കൾക്കും ഉൾപ്പെടെ സർക്കാർ സഹായത്തോടെ സംസ്ഥാന വ്യാപകമായി 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ കർഷകർക്കായി സമഗ്രമായ പരിശീലന പരിപാടികളും നടപ്പിലാക്കും.

==========================================

## RAIN KERALA

കേരളത്തിൽ തുടരുന്ന കനത്ത മഴയിൽ വ്യാപകനാശം. തീരമേഖലകളിൽ കടലാക്രമണം രൂക്ഷമായി. മലയോര മേഖലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനം നിരോധിച്ചു. ഇന്ന് വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പത്തനംതിട്ട മുതൽ കോഴിക്കോട് വരെ ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കോട്ടയം, ആലപ്പുഴ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ടയിൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കും അവധിയാണ്. കേരളം- ലക്ഷദ്വീപ് , കർണ്ണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്ക് ഏർപ്പെടുത്തി. അതേസമയം കനത്ത മഴയെത്തുടർന്ന് ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം , കോഴിക്കോട്, തൃശൂർ, വയനാട് ജില്ലകളിൽ ദേശീയ ദുരന്ത നിവാരണസേനയെ വിന്യസിച്ചു.

==========================================

## LAKSHADWEEP

ലക്ഷദ്വീപിൽ അതീവ ഗുരുതരാവസ്ഥയിലായിരുന്ന 4 രോഗികളെ നാവികസേനയും, കോസ്റ്റ് ഗാർഡും ചേർന്ന് കൊച്ചിയിൽ എത്തിച്ചു. ലക്ഷദ്വീപ് ഭരണകൂടത്തിന്റെ അഭ്യർത്ഥനയെ തുടർന്നാണ്, നാവിക സേനയുടെയും, കോസ്റ്റ് ഗാർഡിന്റെയും ഡോർണിയർ വിമാനങ്ങളിൽ 2 കുഞ്ഞുങ്ങളും ഒരു സ്ത്രീയും അടക്കം നാലു പേരെ അഗത്തിയിൽ നിന്ന് കൊച്ചിയിൽ എത്തിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

==========================================

## T-20 CRICKET - (INTRO)

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. ഗുയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 68 റൺസിന് ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ വിജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ 171 റൺ നേടി ,മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 16.4 ഓവറിൽ 103 റൺസിന് എല്ലാവരും പുറത്തായി .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**പ്രതിനിധി സുരേഷ് ബാബു....**
**(VOICE.........)**

==========================================

## KIRAN PAHAL-PARIS OLYMPICS

അടുത്ത മാസം നടക്കുന്ന പാരിസ് ഒളിമ്പിക്സ് വനിതകളുടെ 400 മീറ്റർ ഓട്ടത്തിൽ യോഗ്യത നേടി ഇന്ത്യൻ താരം കിരൺ പാഹൽ. പഞ്ച്കുലയിൽ നടന്ന ദേശീയ അന്തർ സംസ്ഥാന സീനിയർ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ 50.92 സെക്കൻറിൽ ഫിനിഷ് ചെയ്താണ് ഹരിയാന സ്വദേശിനിയായ ഈ 24 കാരി യോഗ്യത ഉറപ്പാക്കിയത്.

==========================================

**PM-MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഞായറാഴ്ച രാവിലെ 11 മണിക്ക്. മൻ കീ ബാത്തിൻറെ 111-ാം പതിപ്പാണിത്. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി ശ്രീ നരേന്ദ്രമോദി ചുമതലയേറ്റ ശേഷമുള്ള ആദ്യ എപ്പിസോഡ് കൂടിയാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും മുഴുവൻ ശൃംഖലയിലും എ ഐ ആർ ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി പ്രേക്ഷപണം ചെയ്യും. ഹിന്ദി സംപ്രേക്ഷണം കഴിഞ്ഞാൽ ഉടൻ പ്രാദേശിക ഭാഷകളിൽ പരിപാടി കേൾക്കാവുന്നതാണ്.

========================================

**INDIAN MINORITIES FOUNDATION**

അന്താരാഷ്ട്ര മത സ്വാതന്ത്ര്യം സംബന്ധിച്ച യു.എസ് കമ്മിഷൻ റിപ്പോർട്ടിനെ അപലപിച്ച് ഇന്ത്യൻ മൈനോരിറ്റീസ് ഫൗണ്ടേഷൻ. അഫ്ഗാനിസ്ഥാൻ, ക്യൂബ, ഉത്തര കൊറിയ, റഷ്യ, ചൈന ഉൾപ്പെടെയുള്ള സ്വേച്ഛാധിപത്യ ഭരണത്തിനൊപ്പം ഇന്ത്യയെ ഉൾപ്പെടുത്തിയത് രാജ്യത്തിൻറെ ജനാധിപത്യം, വിഭിന്ന സംസ്കാരം, ജനസമൂഹം എന്നിവയോടുള്ള അനാദരവാണെന്ന് ഫൗണ്ടേഷൻ കുറ്റപ്പെടുത്തി. റിപ്പോർട്ട് കമ്മിഷൻറെ വിശ്വാസ്യതയ്ക്ക് വിള്ളലുണ്ടാക്കുകയും ഇന്ത്യയുടെ മതസ്വാതന്ത്ര്യത്തെക്കുറിച്ച് തെറ്റായ കാഴ്ചപ്പാടുണ്ടാക്കുകയും ചെയ്യുമെന്ന് ഫൗണ്ടേഷൻ പറഞ്ഞു.

========================================

**AAKASHVANI 75**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ എഴുപത്തിയഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് ഇന്ന് രാവിലെ 10 മണിക്ക് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണത്തോടെ

കാഴ്ചപരിമിതി ഉള്ളവർക്കായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കും. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്.പഞ്ചാപകേശൻ, സാമൂഹ്യ നീതി വകുപ്പ് അസിസ്റ്റൻറ് ഡയറക്ടർ അഷ്റഫ് കാവിൽ എന്നിവർ സെമിനാർ നയിക്കും.

==========================================

**SOREN CUSTODY**

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ ജുഡീഷ്യൽ കസ്റ്റഡി പതിനാല് ദിവസം കൂടി നീട്ടി. റാഞ്ചി പ്രത്യേക കോടതിയാണ് കസ്റ്റഡി നീട്ടിയത്. ബിർസ മുണ്ട സെൻട്രൽ ജയിൽ കഴിയുന്ന ജാർഖണ്ഡ് മുക്തി മോർച്ച നേതാവ് ഹേമന്ത് സോറേനെ കഴിഞ്ഞ ജനുവരി 31 നാണ് കള്ളപ്പണം വെളുപ്പിക്കലുമായി ബന്ധപ്പെട്ട കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തത്. അടുത്ത മാസം പതിനൊന്നിന് സോറേനെ വീണ്ടും കോടതിയിൽ ഹാജരാക്കും.

==========================================

**CBI- NEET ARREST**

നീറ്റ്- യുജി പരീക്ഷയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് രണ്ട് പേരെ സിബിഐ അറസ്റ്റ് ചെയ്തു. ബിഹാറിലെ പട്നയിൽ നിന്നാണ് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തതെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. നീറ്റ്-യുജി പേപ്പർ ചോർച്ച കേസിന്റെ അന്വേഷണം ഔദ്യോഗികമായി ഏറ്റെടുത്ത സിബിഐ, തിങ്കളാഴ്ച ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം ഓഫീസ് സന്ദർശിച്ച് ഇതുമായി ബന്ധപ്പെട്ട് അന്വേഷണം ആരംഭിച്ചിരുന്നു.

========================================

================================

================